**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2230** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഇ-ഹെൽത്ത് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര ആശുപത്രികളിൽ ഇ-ഹെൽത്ത് സംവിധാനം സജ്ജമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്ത് സമ്പൂർണ്ണമായും ഇ-ഹെൽത്ത് വഴിയുള്ള സേവനങ്ങൾ ലഭ്യമാക്കാനാകുമോ; എങ്കിൽ ആയത് എന്നത്തേക്ക് പൂർത്തിയാകുമെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് 2016 ൽ പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള എല്ലാ ശ്രേണിയിലുംപെട്ട 12 സർക്കാർ ആശുപത്രികളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച ഇ-ഹെൽത്ത് പദ്ധതി ഇപ്പോൾ സംസ്ഥാനത്തൊട്ടാകെയുള്ള 604 ആശുപത്രികളിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. അതിൽ 221 ആശുപത്രികൾ കടലാസ് രഹിതമായി പ്രവർത്തിക്കാൻ സജ്ജമാക്കിയിട്ടുണ്ട്. ഓരോ ആശുപത്രിക്കും പ്രത്യേകമായി ലോക്കൽ ഏരിയ നെറ്റ് വർക്ക്, തടസ്സം കൂടാതെ വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിനുള്ള യു.പി.എസ്., സമർപ്പിത ബ്രോഡ്ബാൻഡ് ബന്ധം, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉൾപ്പെടെയുള്ളവ ഓരോ ആശുപത്രിയുടെയും നിലവാരത്തിനും ഘടനയ്ക്കും അനുസരിച്ചാണ് സ്ഥാപിക്കേണ്ടിവരുന്നത്. ആകയാൽ ഒരിക്കൽ സ്ഥാപിക്കപ്പെട്ട ഇ-ഹെൽത്ത് സംവിധാനങ്ങൾ ചെറിയ ഒരിടവേളയ്ക്കുശേഷം മാറ്റി സ്ഥാപിക്കാനോ പൂർണ്ണമായി ഒഴിവാക്കി പുതിയവ സ്ഥാപിക്കാനോ ശ്രമിച്ചാലുണ്ടാകുന്ന ധനനഷ്ടം കണക്കിലെടുത്ത് കരുതലോടെയുള്ള പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്. ഒരു ജില്ലയിലെ മുഴുവൻ സർക്കാർ ആശുപത്രികളിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചുകഴിഞ്ഞാലും വിവിധ വികസനപദ്ധതികളുടെ ഭാഗമായി നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്ന ആശുപത്രികളിൽ നിർമ്മാണജോലികൾ പൂർത്തിയാകുന്ന മുറയ്ക്കുമാത്രമേ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ. മതിയായ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ സജ്ജമാക്കിയിട്ടുള്ള ആശുപത്രികളിൽ ഉടൻ ഇ-ഹെൽത്ത് പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കാട്ടാക്കട നിയോജക മണ്ഡലത്തിൽ ഇ-ഹെൽത്ത് സംവിധാനം ഏതൊക്കെ ആശുപത്രികളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളവൂർക്കൽ, മാറനല്ലൂർ, ആമച്ചൽ, പള്ളിച്ചൽ, കാട്ടാക്കട എന്നീ കുടുംബാരോഗ്യകേന്ദ്രങ്ങളിലും വിളപ്പിൽ സാമൂഹികാരോഗ്യകേന്ദ്രത്തിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മലയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ